കല്ലേലി-പാടം	8 കി.മീ
പാടം-പറക്കുളം	7 കി.മീ
പാടം-മണ്ണാറപ്പാറ	2 കി.മീ
കടിയാർ-മണ്ണാറപ്പാറ	7 കി.മീ
പോത്തുപാറ-പിച്ചാണ്ടിക്കുളം	4 കി.മീ

(ബി) റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി 2000-2001 വർഷത്തെ ബഡ്ജറ്റിൽ 3.15 ലക്ഷംരൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ 65,470 രൂപ ഇതിനകം ചെലവഴിച്ചു. മണ്ണീറ-കോട്ടാംപാറ റോഡിൽ ഒരേക്കർ എന്ന ഭാഗത്ത് റീട്ടെയിനിംഗ് വാൾ നിർമ്മിക്കാനാണ് ടി തുക ചെലവഴിച്ചത്.

(സി) പദ്ധതി ചെലവിനത്തിൽ വർദ്ധന വരുത്താത്തതിനാലും ധാരാളം ഫോറസ്റ്റ് റോഡുകളുടെ അറ്റകുറ്റപണികൾക്ക് വിവിധ കോണുകളിൽ നിന്ന് ആവശ്യം ഉന്നയിക്കപ്പെടുന്നതിനാലും ഈ ഭാഗത്തെ അറ്റകുറ്റപ്പണികൾക്ക് കൂടുതൽ തുക വകയിരുത്താൻ കഴിയാതിരിക്കുകയാണ്.

കോന്നി - കല്ലേലി -അച്ചൻകോവിൽ ഫോറസ്റ്റ് റോഡ്

9 (767) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി-കല്ലേലി-അച്ചൻകോവിൽ ഫോറസ്റ്റ് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാനായി 2000-2001 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന തുക മുഴുവനും വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ബി) അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ഈ റോഡിന്റെ പണി നടത്താനായി കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഈ റോഡ് ഗതാഗത യോഗ്യമാക്കാനായി കൂടുതൽ തുക വകയിരുത്താനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) അച്ചൻകോവിൽ-കോന്നി റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 2000-2001 വർഷത്തെ ബഡ്ജറ്റിൽ 7.33 ലക്ഷംരൂപ വകയിരുത്തിയിരുന്നു. 'ടി' റോഡിന്റെ ഭാഗമായ ചിറ്റാർ മുതൽ തുറ വരെയുള്ള നാലരകിലോ മീറ്റർ റോഡിൽ 8 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന മെറ്റലിംഗ്, റീടാറിംഗ് ജോലികൾ 2001 ജനുവരിയിൽ തുടങ്ങിയിട്ടുണ്ട്. തുക മുഴുവനും ഈ സാമ്പത്തിക വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.

(ബി അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ഈ റോഡിന്റെ അറ്റകുറ്റ പണികൾക്കായി 4.3 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതി വിഹിതത്തിൽ കൂടുതൽ തുക അനുവദിച്ചു കിട്ടുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly